# അക്ഷരപ്പത്ത്-2026

## അക്ഷരായനം പത്താമത് വായനോത്സവം

തൃശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കേരളത്തിലെ പ്രധാന സാംസ്കാരിക കൂട്ടായ്മകളിലൊന്നായ അക്ഷരായനം അന്താരാഷ്ട്രതലത്തിൽ നടത്തുന്ന പത്താമത് അക്ഷരായനം വായനോത്സവം 'അക്ഷരപ്പത്ത്-2026 എന്ന പേരിൽ ജൂൺ 19 ന് ആരംഭിക്കുകയാണ്. വിദ്യാർത്ഥികൾ, അധ്യാപകർ, പൊതുജനങ്ങൾ ലൈബ്രറി പ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിൽ വ്യാപരിക്കുന്നവർക്കിടയിൽ വായന വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് അക്ഷരായനം പ്രവർത്തിക്കുന്നത്. ജൂൺ 19ന് വൈകീട്ട് 7.30 ന് പ്രശസ്ത എഴുത്തുകാരി ലഫ്റ്റനന്റ് കേണൽ ഡോ.സോണിയ ചെറിയാൻ ഓൺലൈൻ ആയി വായനോത്സവം ഉദ്ഘാടനം ചെയ്യും. കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവ് ഡോ.ആർ.രാജശ്രീ മുഖ്യപ്രഭാഷണം നടത്തും. കവി ഡോ.സി.രാവുണ്ണി അക്ഷരായനം വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യും.

**കാറ്റഗറി 1** (Std 1 to Std IV), **കാറ്റഗറി 2** (Std V to Std VIII) **കാറ്റഗറി 3** (Std IX to Std XII) പൊതുജനങ്ങൾക്കും അധ്യാപകരൊഴികെയുള്ള ജീവനക്കാർക്കുമായി **കാറ്റഗറി 4**, പ്രീ പ്രൈമറി മുതൽ കോളേജ്തലം വരെയുള്ള അധ്യാപകർക്കും, വിരമിച്ച അധ്യാപകർക്കും ഗവേഷണവിദ്യാർത്ഥികൾക്കുമായി **കാറ്റഗറി 5**, ഇംഗ്ലീഷ് വായനക്കായി **ഇംഗ്ലീഷ് ഒഡീസി - EC I** (Std 1 to Std IV) **EC II** (Std V to Std VIII) **EC III** (Std IX to Std XII) എന്നിങ്ങനെയുള്ള എട്ട് കാറ്റഗറികളിലാണ് വായന നടക്കുന്നത്. ഓരോ കാറ്റഗറിക്കും വ്യത്യസ്തങ്ങളായ അഞ്ചു പുസ്തകങ്ങളാണ് വായിക്കാനുണ്ടാവുക. ഓരോ പുസ്തകത്തിനുമുള്ള മൂന്നു ഘട്ട മൂല്യനിർണ്ണയത്തിനും മറ്റു വിലയിരുത്തലുകൾക്കും ശേഷം ഓരോ കാറ്റഗറിയിൽനിന്നും 10 വീതം വായനക്കാരെ മികച്ച വായനക്കാരായി പ്രഖ്യാപിക്കും. വിജയികൾക്ക് 2027 ജനുവരി 24, 25 തിയ്യതികളിൽ നടക്കുന്ന അക്ഷരായനം അനുമോദനസദസ്സിൽ വെച്ച് പുസ്തകകിറ്റ്, മൊമെന്റോ, സർട്ടിഫിക്കറ്റ്, എന്നിവയടങ്ങിയ പുരസ്കാരങ്ങൾ സമർപ്പിക്കും.

# അക്ഷരായനം സാഹിത്യപുരസ്കാരം-2025

തൃശൂർ കേന്ദ്രമായി പ്രവർത്തിക്കുന്നതും കേരളത്തിന്റെ സാഹിത്യ സാംസ്കാരിക രംഗത്ത് ഇതിനോടകം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളതുമായ വായനക്കാരുടെ കൂട്ടായ്മയായ അക്ഷരായനം, തങ്ങളുടെ പ്രവർത്തനത്തിന്റെ പത്താമത് വർഷത്തോടനുബന്ധിച്ച് **'അക്ഷരായനം സാഹിത്യ പുരസ്കാരം 2025'** എന്ന പേരിൽ അവാർഡ് നൽകുന്നു. 2025 ജനുവരി 1 നും 2025 ഡിസംബർ 31 നുമകം പ്രസിദ്ധീകരിച്ച മികച്ച ഒരു മലയാളം നോവലിനാണ് പുരസ്കാരം നൽകുക. 11111 രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. 2027 ജനുവരിയിൽ നടക്കുന്ന അക്ഷരായനം അനുമോദനസദസ്സിൽ വെച്ച് പുരസ്കാരം സമർപ്പിക്കപ്പെടും. അവാർഡിനായി എഴുത്തുകാർക്കോ, എഴുത്തുകാരുടെ സമ്മതത്തോടെ വായനക്കാർക്കോ പ്രസാധകർക്കോ പുസ്തകത്തിന്റെ 3 കോപ്പികൾ വീതം കെ.എൻ.യശോധരൻ, ചെയർമാൻ അക്ഷരായനം, സംഗീത, ആല പി.ഒ. പിൻ 689126, ചെങ്ങന്നൂർ, ആലപ്പുഴ ജില്ല, ഫോൺ : 9207778007 എന്ന വിലാസത്തിൽ അയയ്ക്കാവുന്നതാണ്. എൻട്രികൾ കിട്ടേണ്ട അവസാന തിയ്യതി 2026 ആഗസ്റ്റ് 31.

## പത്രസമ്മേളനത്തിൽ പങ്കെടുക്കുന്നവർ

1. കെ.എൻ.യശോധരൻ (ചെയർമാൻ, അക്ഷരായനം) ഫോൺ: 9207778007
2. ഡോ.ബെന്നി ജേക്കബ്ബ് സി (ജ. കൺവീനർ, അക്ഷരായനം) 9447832333
3. ടി.കെ.സരോജിനി (ജോ.കൺവീനർ, അക്ഷരായനം) 9645079368
4. ശ്രീമതി മായാവിനോദ് (ജോ.കൺവീനർ, അക്ഷരായനം) 9446550211
5. ബിന്ധ്യ ടി.കെ. (ജോ.കൺവീനർ, അക്ഷരായനം) 9446242532
6. ശ്രീബ വി (ജോ.കൺവീനർ, അക്ഷരായനം) 9446484511
7. ശ്രീമതി ജയ സുരേഷ് (ജോ.കൺവീനർ, അക്ഷരായനം) 8129788720